LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടവടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 ഒക്ടോബർ 21 ചൊവ്വ

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 1986 ഒക്ടോബർ 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

പ്രീ-ഡിഗ്രി ബോർഡ്

*20. [20] ശ്രീ. എ. സി. ഷൺമുഖദാസ് :
,, കെ. കൃഷ്ണൻകുട്ടി :
ശ്രീമതി. കെ. ആർ. ഗൗരി :
ശ്രീ. പി. സീതിഹാജി :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ-ഡിഗ്രി ബോർഡ് രൂപീകരണം സംബന്ധിച്ച് വൈസ് ചാൻസലർമാരുടെ റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചോ ;

(ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം ;

(സി) റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് എടുത്ത തീരുമാനങ്ങൾ എന്തെല്ലാം ;

(ഡി) റിപ്പോർട്ടിൽ പ്രീ-ഡിഗ്രി വിദ്യാഭ്യാസം സഹകരണ മാനേജ്മെൻറ് വിദ്യാലയങ്ങളിൽ ആരംഭിക്കുമ്പോൾ അവയിലെ നിയമനം പി.എസ്.സി.ക്ക് വിടണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ ;

(ഇ) ഇക്കാര്യത്തിൽ സർക്കാരിൻറെ നിലപാടെന്താണെന്ന് വെളിപ്പെടുത്താമോ ;

(എഫ്) പ്രീ-ഡിഗ്രി ബോർഡിനെ സംബന്ധിച്ചുള്ള വി. സി. മാരുടെ റിപ്പോർട്ട് ബന്ധപ്പെട്ട സംഘടനകൾക്കും രാഷ്ട്രീയ പാർട്ടികൾക്കും നൽകി ഇതുസംബന്ധിച്ച വിശദമായ ചർച്ച നടത്താൻ ഗവൺമെൻറ് തയ്യാറാകുമോ ?

ഉത്തരം

(എ) ലഭിച്ചു.

(ബി) റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വച്ചിട്ടുണ്ട്.†

(സി) റിപ്പോർട്ട് നടപ്പിലാക്കുന്നതു സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

(എഫ്) ഇതിലേയ്ക്ക് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : പ്ലസ് 2 കോഴ്സ് നടപ്പാക്കാൻ ഉദ്ദേശിച്ചത് ദേശീയ വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടാണ് എന്നാണ് പറയുന്നത്. ആ ദേശീയ വിദ്യാഭ്യാസ നയത്തിൽ വിവക്ഷിച്ചിരിക്കുന്നത് ടെർമിനൽ കോഴ്സായി പ്രീഡിഗ്രി വിദ്യാഭ്യാസം മാറ്റാനാണ്. വൊക്കേഷണലൈസേഷൻ വേണ്ടിയാണെന്ന് ടേംസ് ഓഫ് റഫറൻസിൽ കൊടുത്തിട്ടില്ലായെന്ന് കമ്മറിയുടെ തന്നെ റിപ്പോർട്ടിൽ പറയുന്നു. അങ്ങനെയാണെങ്കിൽ പ്രീഡിഗ്രി ബോർഡ് രൂപീകരണം ദേശീയനയവുമായി ബന്ധപ്പെടുത്തിയാണെങ്കിൽ ദേശീയനയവുമായി പൊരുത്തപ്പെടുന്ന യാതൊരു നിഗമനത്തിലും ആ റിപ്പോർട്ട് എത്തിച്ചേർന്നിട്ടില്ല. ടേംസ് ഓഫ് റഫറൻസിൽ അങ്ങനെ ആവശ്യപ്പെട്ടിട്ടില്ലായെന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെൻറിന് അഭിപ്രായമുണ്ടോ?

ശ്രീ. ടി. എം. ജേക്കബ് : ടേംസ് ഓഫ് റഫറൻസിലെ എല്ലാകാര്യങ്ങളും നോക്കാൻ അവരോട് പറഞ്ഞിരുന്നു. റിപ്പോർട്ടിന്റെ ഒരു ഭാഗത്ത് ഇങ്ങനെ പറയുന്നുണ്ട്. ''പുതിയതായി രൂപീകരിക്കുന്ന പ്രീഡിഗ്രി കോഴ്സ് രണ്ട് ശാഖകളുമായി പ്രവർത്തിക്കണം. ഒന്ന് അക്കാഡമിക് ശാഖ, രണ്ട് വൊക്കേഷണൽ ശാഖ. ഓരോ ശാഖയിലുമുള്ള വിദ്യാർത്ഥികൾ 5 വിഷയങ്ങൾ വീതം പഠിക്കണം; ഫംഗ്ഷണൽ ഇംഗ്ലീഷും 4 ഐച്ഛിക വിഷയങ്ങളും. വൊക്കേഷണൽ ശാഖയിലുള്ള വിദ്യാർത്ഥികൾ 4 ഐച്ഛികവിഷയങ്ങളിൽ ഒരു സാങ്കേതിക വിഷയം തെരഞ്ഞെടുത്തു പഠിക്കണം. രണ്ടാം വർഷം അവസാനം മാത്രമെ പരീക്ഷ നടത്തുകയുള്ളൂ. വളരെ വ്യക്തമായി ഈ കാര്യത്തെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : ആഗസ്റ്റ് മാസത്തിൽ പ്രീഡിഗ്രി ബോർഡ് നടപ്പാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പല പ്രാവശ്യം ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഏതായാലും ഈ വർഷം നടപ്പാക്കാൻ കഴിയില്ലായെന്ന് റിപ്പോർട്ടിൽത്തന്നെ ചൂണ്ടിക്കാണിക്കുകയും ചെയ്തിരിക്കുന്നു. പ്രീഡിഗ്രി ബോർഡ് രൂപീകരണം സംബന്ധിച്ച് എന്തെങ്കിലും ഗവൺമെൻറ് നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോ ; അപ്പോയിൻറ്മെൻറ്, തുടങ്ങിയ കാര്യത്തെ സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : യൂണിവേഴ്സിറ്റികളിൽ നിന്നും പ്രീഡിഗ്രി വിദ്യാഭ്യാസം ഡീലിങ്ക് ചെയ്യുകയെന്നുള്ള നയപരമായ തീരുമാനം കഴിഞ്ഞ മേയ് മാസം മന്ത്രിസഭ കൈക്കൊണ്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഈ വർഷം നടപ്പാക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടോ ? ആഗസ്റ്റിൽ നടപ്പാക്കുമെന്നാണ് പറഞ്ഞത്.

ശ്രീ. ടി. എം. ജേക്കബ് : ഈ വർഷം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : പ്രീഡിഗ്രി വിദ്യാഭ്യാസത്തിനുള്ള സൗകര്യം സ്വകാര്യവിദ്യാലയങ്ങൾക്ക് കൊടുക്കുമെന്ന് പറഞ്ഞു. അപ്പോൾ വിദ്യാർത്ഥികളുടെ അഡ്മിഷൻ എങ്ങനെയായിരിക്കും ? അതിന് വല്ല മാനദണ്ഡവും നിശ്ചയിച്ചിട്ടുണ്ടോ ? അതോ മാനേജ്മെന്റിന്റെ ഇഷ്ടംപോലെയാണോ പ്രീഡിഗ്രി കോഴ്സ് നടത്താൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : റിപ്പോർട്ടിനകത്ത് ഈ സ്വകാര്യ വിദ്യാലയങ്ങൾക്ക് കൊടുക്കണം എന്നൊരു ശുപാർശ വന്നിട്ടില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ജൂനിയർ കോളേജുകൾ ഇതിനുവേണ്ടി ആരംഭിക്കാൻ ഉദ്ദേശമുണ്ടോ? അതോ സ്കൂളുകളുമായി ബന്ധപ്പെട്ടാണോ നടത്താൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. എം. ജേക്കബ് : വൈസ് ചാൻസലർമാരുടെ കമ്മിറ്റിയുടെ റിപോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് തീരുമാനം കൈക്കൊള്ളണമെന്ന് ഗവൺമെന്റ് , അന്തിമമായി തീരുമാനിച്ചിട്ടില്ല. അത് ഞാൻ പ്രധാന ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : വൈസ് ചാൻസലർമാരുടെ കമ്മീഷനെ നിയമിക്കുന്നതിനുമുമ്പ് പ്രീഡിഗ്രി വിദ്യാഭ്യാസത്തെ സംബന്ധിച്ച് ബോർഡ് രൂപീകരിക്കണമോ വേണ്ടയോ അത് എങ്ങനെ വേണം എന്നതു സംബന്ധിച്ച് മുൻ വിദ്യാഭ്യാസ കമ്മീഷണറായിരുന്ന ശ്രീ. നമ്പ്യാരെക്കൊണ്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹത്തെ ഒരു സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും റിപ്പോർട്ട് ഗവൺമെന്റിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ആ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ? ആ റിപ്പോർട്ട് ഗവൺമെന്റിന് സ്വീകാര്യമല്ലാതെ വന്നതിന്റെ അടിസ്ഥാനത്തിലാണോ ഈ വൈസ് ചാൻസലർമാരുടെ കമ്മീഷനെ നിയമിച്ചത്? രണ്ടു കമ്മീഷന്റെയും റിപ്പോർട്ടുകൾ തമ്മിലുള്ള വ്യത്യാസം എന്താണ്?

ശ്രീ. ടി. എം. ജേക്കബ് : ആ കമ്മീഷന്റെ റിപ്പോർട്ട് സ്വീകരിക്കാൻ പാടില്ല എന്നുള്ളതുകൊണ്ടല്ല പുതിയ കമ്മീഷനെ നിയമിച്ചത്. ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയൊരു കമ്മീഷനെ നിയമിക്കാൻ ഉണ്ടായ കാരണം ജസ്റ്റിസ് എം. പി. മേനോൻ കമ്മീഷനും അതുപോലെതന്നെ ആദിശേഷയ്യ കമ്മീഷനും സർവ്വകലാശാലയിൽ നിന്നും പ്രീഡിഗ്രി കോഴ്സ് ഡീലിങ്ക് ചെയ്യണമെന്ന് ഗവൺമെൻറിനോട് ശുപാർശ ചെയ്തിരുന്നു. അതിൻെറ ആവശ്യകതയെക്കുറിച്ച് വിശദമായ ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. നമ്പ്യാരെ ഗവൺമെൻറ് നിയമിക്കുകയും നമ്പ്യാർ അങ്ങനെയൊരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ആ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ് 15-5-1986-ൽ കൂടിയ മന്ത്രിസഭായോഗം തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

ശ്രീ. പി. സീതിഹാജി: വി. സി. മാരുടെ റിപ്പോർട്ട് അതുപോലെ നടപ്പാക്കാനാണോ ഭാഗികമായി നടപ്പാക്കാനാണോ ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. എം. ജേക്കബ്: വി. സി. മാരുടെ റിപ്പോർട്ട് ഭാഗികമായി നടപ്പിലാക്കുകയോ പൂർണ്ണമായും നടപ്പിലാക്കുകയോ അല്ലെങ്കിൽ പൂർണ്ണമായും തള്ളുകയോ ചെയ്യാനുള്ള പൂർണ്ണമായ സ്വാതന്ത്ര്യം ഗവൺമെൻറിനുണ്ട്.

ശ്രീ. പി. സി. സീതിഹാജി: പ്രീഡിഗ്രി ബോർഡ്കൊണ്ട് ആദ്യം ഉദ്ദേശിച്ചിരുന്നത് പ്ലസ് 2 കോഴ്സ് വേറൊരു പരീക്ഷാ കൺട്രോൾ ബോർഡിൻെറ കീഴിൽ കൊണ്ടുവരിക എന്നതായിരുന്നോ അതോ സമൂലമായൊരു മാറ്റത്തിനു വേണ്ടിയായിരുന്നോ ബോർഡ് രൂപീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: പ്രീഡിഗ്രി വിദ്യാഭ്യാസം സർവ്വകലാശാലയുടെ ഭാഗമല്ലാതാക്കുകയെന്നതാണ് നമ്മുടെ രാജ്യത്ത് എല്ലായിടത്തും അംഗീകരിച്ചിരിക്കുന്നത്. കേരളം ഒഴികെ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും ഇതിനകം തന്നെ അത് നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ദേശീയ വിദ്യാഭ്യാസനയത്തെ സംബന്ധിച്ച് 1962-ൽ പറഞ്ഞിരുന്നു. 1986-ലെ പുതിയ വിദ്യാഭ്യാസനയത്തിലും ഇതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ ദേശീയമായ ഒരു കാഴ്ച്ചപ്പാടോടുകൂടി പ്രീഡിഗ്രി വിദ്യാഭ്യാസം സർവ്വകലാശാലകളിൽ നിന്നും മാറ്റുക എന്നുള്ളതാണ് ബോർഡ് രൂപീകരണത്തിൻെറ പ്രധാനപ്പെട്ട ലക്ഷ്യം.

ശ്രീ. ലോനപ്പൻ നമ്പാടൻ: എസ്. എൻ. ഡി. പി., എസ്. ആർ., പി., എൻ., എസ്., എസ്., എൻ., ഡി., പി. എന്നിവയും മുസ്ലീം ലീഗും, മുഖ്യമന്ത്രിയുടെ പാർട്ടിയിൽ മുഖ്യമന്ത്രി ഒഴികെ ബാക്കിയുള്ളവരും പ്രതിപക്ഷ കക്ഷികളും പ്രീഡിഗ്രിബോർഡിനെ ശക്തമായി എതിർക്കുന്ന സാഹചര്യത്തിൽ ബോർഡു തീരുമാനം മാറ്റിവയ്ക്കുന്നതിന് ഗവൺമെൻറു തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോൾ പറഞ്ഞത് അദ്ദേഹത്തിൻെറ അഭിപ്രായമാണ്. മറ്റു കക്ഷികളുടെ കാര്യം എനിക്കറിഞ്ഞുകൂടാ.

ശ്രീ. ലോനപ്പൻ നമ്പാടൻ: ഈ ബോർഡ് തീരുമാനത്തെ സംബന്ധിച്ച് നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളേയും അദ്ധ്യാപകപ്രതിനിധികളേയും വിദ്യാർത്ഥി പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് വിശദമായി ചർച്ച നടത്താൻ ഗവൺമെൻറ് തയ്യാറാകുമോ?

/

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ഇതു സംബന്ധിച്ച് 1983 മുതൽ പർച്ച നടന്നു വരുന്നുണ്ട്. വിവിധ തലങ്ങളിൽ ധാരാളം പർച്ച നടത്തിയിട്ടുണ്ട്. സർവ്വീസ് സംഘടനകളുമായും വിദ്യാർത്ഥിസംഘടനകളുമായും രാഷ്ട്രീയകക്ഷി നേതാക്കൻമാരുമായും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കാലത്ത് ചർച്ചകളും നടത്തിയിട്ടുണ്ട്. ചർച്ചകളുടെ യാതൊരു കുറവും ഇക്കാര്യത്തെ സംബന്ധിച്ച് ഉണ്ടായിട്ടില്ല.

ശ്രീ. ഇ.-കെ. നായനാർ : രാഷ്ട്രീയ കക്ഷി നേതാക്കൻമാരുമായി ചർച്ച നടന്നുവെന്ന് പറയുന്നത് സത്യവിരുദ്ധമാണ്. ഞങ്ങൾ നിർത്തിവയ്ക്കുകയാണ് ചെയ്തത്. ഇവിടെ മൂന്നു മാസത്തിനകം 22 സിറ്റിംഗ് നടത്തിയിട്ടാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. കുറെക്കൂടി സമയം കിട്ടിയിരുന്നുവെങ്കിൽ സമ്പൂർത്തമായ രീതിയിൽ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ കഴിയുമായിരുന്നുവെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. 'If we had more time we would have been able to submit a better report .....ഇത് worst റിപ്പോർട്ടാണ്. വൈസ് ചാൻസലർമാരുടെ റിപ്പോർട്ടിന്റെ മറ്റൊരു ഭാഗത്തു പറയുന്നത്..... on a subject so vital to the system of education in Kerala.'

കേരളത്തിന്റെ മൗലികമായ വിദ്യാഭ്യാസത്തിന്റെ പ്രശ്നത്തെപ്പറ്റി 'ബെറർ റിപ്പോർട്ട്' വയ്ക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് വി. സി. മാർ തന്നെ തുറന്നു സമ്മതിക്കുന്നു.

മൂന്നുമാസം കൊണ്ട് 22 സിറ്റിംങ്ങ് നടത്തി എന്നാൽ അതിന് സാമ്പത്തിക ബാദ്ധ്യത എത്രയാണെന്നതു സംബന്ധിച്ച് യാതൊന്നും മിണ്ടിയിട്ടില്ല. ഇപ്പോഴും തന്നെ ഗാന്ധിജി സർവ്വകലാശാലയ്ക്ക്, സാമ്പത്തിക ബാദ്ധ്യതയുണ്ട്. യു. ജി. സിയുടെ അംഗീകാരം കിട്ടാഞ്ഞതുകൊണ്ട് കാലിക്കറ്റ് കേരള യൂണിവേഴ്സിറ്റികളുടെ ഡൈസ ഡൈവർട്ട് ചെയ്തു പോകുകയാണ്. ഇപ്പോഴും കാലിക്കറ്റിനും, കേരളയ്ക്കും, ഗാന്ധിജിയ്ക്കും തികയാത്ത അവസ്ഥയാണുള്ളത്. വിദ്യാർത്ഥികളുടെ അനുപാതം 80-ൽ നിന്നും 40-ലേക്ക് കുറവുചെയ്യുമ്പോൾ ഉണ്ടാകുന്നതും പ്രൊട്ടക്റ്റഡ് ടീച്ചേഴ്സിന്റെ പ്രശ്നവും എല്ലാംകൂടി പത്തു നാൽപ്പതു കോടി രൂപയുടെ സാമ്പത്തിക ബാദ്ധ്യതയുണ്ടാകും. അതു സംബന്ധിച്ച് റിപ്പോർട്ടിൽ ഒന്നും പരാമർശിച്ചിട്ടില്ല. അങ്ങനെ ഇതൊരു worst റിപ്പോർട്ടാണെന്ന പരാമർശത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകുമോ?

ശ്രീ. ടി. എം. ജേക്കബ് : ഇതൊരു worst റിപ്പോർട്ടാണ് എന്നുള്ള അഭിപ്രായമൊന്നും ഗവൺമെൻറിനില്ല. ഇതിന്റെ മുഖവുരയിൽ പറയുന്ന ഒരു സെൻറൻസ് വച്ചാണ് അദ്ദേഹം ഇങ്ങനെ പറയുന്നത്. മൂന്നു മാസം കൊണ്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി നാലുമാസത്തെ സമയം അവർക്ക് നൽകിയിരുന്നു. അതിനകത്ത് 'കുറെക്കൂടി സമയം കിട്ടിയിരുന്നുവെങ്കിൽ' എന്നൊരു വാക്ക് പരാമർശിച്ചിട്ടുണ്ട്. അതുകൊണ്ട് ഇതിന്റെ ഉള്ളടക്കം മോശമാണെന്ന അഭിപ്രായം ഗവൺമെൻറിനില്ല. ഈ റിപ്പോർട്ട് കൂടാതെ ശ്രീ. നമ്പ്യാരുടെ സമഗ്രമായ റിപ്പോർട്ട് ഇവിടെയുണ്ട്, മാൽക്കം ആദിശേഷയ്യാ കമ്മീഷന്റെ റിപ്പോർട്ടും ഇവിടെയുണ്ട്. പ്രീഡിഗ്രി ബോർഡ് സംബന്ധിച്ചും പ്ലസ് 2 കോഴ്സ് സംബന്ധിച്ചും ആധികാരികമായി അറിഞ്ഞിരിക്കേണ്ട ധാരാളം റിപ്പോർട്ടുകൾ ഗവൺമെൻറിനുണ്ട്. റിപ്പോർട്ടിന്റെ കുറവൊന്നും ഈ കാര്യത്തിൽ ഉണ്ടെന്ന് ഗവൺമെൻറ് കരുതുന്നില്ല. ഈ റിപ്പോർട്ട് ഗവൺമെൻറ് വിശദമായി പഠിച്ചുകൊണ്ടിരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. രാഷ്ട്രീയ കക്ഷി നേതാക്കൻമാരുമായി സംസാരിച്ചില്ലായെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞത് ശരിയല്ല. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കു മുമ്പ് രാഷ്ട്രീയ കക്ഷി നേതാക്കളെ വിളിച്ചിരുന്നു. അവർക്ക് കൂടുതൽ സമയം വേണം എന്ന് പറഞ്ഞതുകൊണ്ട് രണ്ടാഴ്ചകഴിഞ്ഞ് വീണ്ടും സംസാരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. വീണ്ടും രാഷ്ട്രീയ കക്ഷിനേതാക്കളെ വിളിക്കുന്നുണ്ട്.

ശ്രീ. വി. വി. ജോസഫ് : ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ പ്രീഡിഗ്രി ബോർഡ് ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. അങ്ങനെയാണെങ്കിൽ കേരളത്തിൽ ഇത് നടപ്പിലാക്കുന്നതിന് തടസ്സം പറയുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ ? ഇതിനെക്കുറിച്ച് ഗവൺമെൻറിന്റെ അഭിപ്രായമെന്താണ് ?

ശ്രീ. ടി. എം. ജേക്കബ് : ഞാനാദ്യം സൂചിപ്പിക്കുകയുണ്ടായി, ഇന്ത്യയിൽ കേരളത്തിലൊഴികെ മറ്റെല്ലാ സംസ്ഥാനങ്ങളിലും പ്ലസ് ടു കോഴ്സ് ഒരു പ്രത്യേക സംവിധാനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടെന്ന്.

ശ്രീ. കെ. പി. പ്രഭാകരൻ : പ്രീഡിഗ്രി ബോർഡ് രൂപീകരണത്തെ സംബന്ധിച്ച് ഇവിടെ കഴിഞ്ഞ സഭയിൽ ചർച്ച നടന്ന അവസരത്തിൽ ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയെക്കുറിച്ച് ചോദിക്കുകയുണ്ടായി. അപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, അത് വി. സി.മാരുടെ റിപ്പോർട്ട് വന്നതിനുശേഷം തിട്ടപ്പെടുത്തി പറയാമെന്നാണ്. എന്നാൽ വി. സി. മാരുടെ റിപ്പോർട്ടിൽ അതിനെക്കുറിച്ച് യാതൊന്നും പരിശോധിച്ചതായിട്ട് കാണുന്നില്ല. എന്നാൽ ധാരാളം ബാദ്ധ്യതകൾ വരുമെന്നുള്ളതിന്റെ ഒട്ടനവധി സൂചനകൾ അതിൽ ഉണ്ടുതാനും. കോളേജദ്ധ്യാപകർ, സൂപ്പർന്യൂമററി പോസ്റ്റിൽ വരേണ്ടിവരും. യൂണിവേഴ്സിറ്റിയിലെ പത്തിരുന്നൂറ് നോൺ ടീച്ചിംഗ് സ്റ്റാഫുകളെക്കൊണ്ട് പരീക്ഷകൾ നടത്താവുന്നതാണ് ; ബാക്കിയുള്ളവരെ എങ്ങനെ പ്രൊവൈഡ് ചെയ്യും ? ഇതിനുവേണ്ടി ഉണ്ടാക്കുന്ന ഒരു പുതിയ നെറ്റ്വർക്ക്, എല്ലാംകൂടി ചേർന്നൊരു പുതിയ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന്റെ അത്രയും ഭാരിച്ച ഒരു ചെലവു വരും. പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ. ഗോപാലകൃഷ്ണൻ പറയുന്നത്, അഞ്ചുവർഷത്തേക്ക് 250 കോടി രൂപയുടെ ബാദ്ധ്യത വരുമെന്നാണ്. ഏതായാലും ഈ സാമ്പത്തിക ബാദ്ധ്യതയെ സംബന്ധിച്ചിടത്തോളം അതിനുള്ള പ്ലാനിംഗ് ബോർഡിന്റെ പ്രയോറിട്ടി, അംഗീകാരംകൂടി നേടിയതിനുശേഷമല്ലാതെ ഇത് നടപ്പിലാക്കുന്ന നടപടിയിലേക്ക് പ്രവേശിക്കുന്നത് ശരിയാണോ ? അതിനെക്കുറിച്ച് ഗവൺമെൻറിന്റെ നിലപാടെന്താണ് ? അതിനുവേണ്ടി വരുന്ന സാമ്പത്തിക ബാദ്ധ്യത എന്താണ് ? അതിനുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല.

ശ്രീ. ടി. എം. ജേക്കബ് : ഇതിനു വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത യെത്രയാണെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. പ്രയോറിട്ടി ബേസിസിൽ ഏതെല്ലാം കാര്യങ്ങളാണെടുക്കേണ്ടതെന്ന് തീരുമാനിക്കേണ്ടത് ഗവൺമെൻറാണ്. ഇത് വളരെ അത്യാവശ്യമുള്ള ഒരു സംഗതിയാണെന്ന് ബോദ്ധ്യമുള്ളതുകൊണ്ടുതന്നെയാണ് തീരുമാനമെടുത്തിരിക്കുന്നത്. ഇതിന് ആവശ്യമുള്ള സാമ്പത്തിക ബാദ്ധ്യത കണ്ടുപിടിക്കാൻ ഗവൺമെൻറിന് സാധിക്കുമെന്നുള്ള പൂർണ്ണമായ വിശ്വാസവുമുണ്ട്.

ശ്രീ. വി. ദിനകരൻ : പ്രീഡിഗ്രി വിദ്യാഭ്യാസം കോളേജുകളിൽത്തന്നെ നിലനിറുത്തണമെന്ന് വി.സി.മാരുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ടോ ? അങ്ങനെയാണെങ്കിൽ അതിനെസംബന്ധിച്ച് ഗവൺമെൻറിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : പ്രീഡിഗ്രി വിദ്യാഭ്യാസം തൽക്കാലം ഇപ്പോഴും നടന്നുവരുന്ന കോളേജുകളിൽത്തന്നെ നിലനിറുത്തണമെന്ന് വി.സി.മാരുടെ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിൻമേൽ ഗവൺമെൻറ് അന്തിമമായ ഒരു തീരുമാനമെടുത്തിട്ടില്ല.

ശ്രീ. എ. വി. താമരാക്ഷൻ : ദേശീയ വിദ്യാഭ്യാസനയത്തിൽ പ്ലസ് ടു കോഴ്സുകൊണ്ടുദ്ദേശിക്കുന്നത്, ഒരു ടെർമിനൽ കോഴ്സെന്നനിലയിൽ വൊക്കേഷണലൈസേഷന് പ്രാധാന്യം കൊടുക്കുക എന്നതാണ്. എന്നാൽ ഇന്ന് ഇവിടെ സമർപ്പിച്ച റിപ്പോർട്ടിൽ, നിലവിലുള്ള കോളേജുകളിൽ പ്രീഡിഗ്രി കോഴ്സ് അതേപടി നിലനിറുത്തുവാൻ പറഞ്ഞിരിക്കുകയാണ്. അത് ദേശീയവിദ്യാഭ്യാസനയത്തിന് എതിരാണെന്നുള്ളതുകൊണ്ടും ഈ സംസ്ഥാനത്തിന് ഒരു സാമ്പത്തികബാദ്ധ്യതയുണ്ടാക്കുന്നതാണെന്നുള്ളതുകൊണ്ടും ഈ സംസ്ഥാനത്ത് ദൂരവ്യാപകമായ ഫലമുളവാക്കാൻ കഴിയുന്ന ഒരു നയമെന്നുള്ളതുകൊണ്ടും ഈ ഗവൺമെൻറ് ഈ നയത്തെ സംബന്ധിച്ചിടത്തോളം ഇപ്പോഴും തീരുമാനിക്കുന്നതിനുപകരം, (കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഇതിനെതിരാണ്) ഇതെല്ലാംകൂടി കണക്കിലെടുത്ത് വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ ഒരു ഡിബേറ്റിന് വിധേയമാക്കിക്കൊണ്ട് അടുത്ത് വരുന്ന ഗവൺമെൻറിനു വിട്ടുകൊടുക്കാൻ ഈ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : പ്രീഡിഗ്രി കോഴ്സ് ഒരു ടെർമിനൽ കോഴ്സാക്കിത്തന്നെ രൂപാന്തരപ്പെടുത്തണമെന്ന് ദേശീയവിദ്യാഭ്യാസനയത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. നമ്മുടെ പൊതുവിദ്യാഭ്യാസം എത്രവർഷംവരെ വേണം, പൊതുവിദ്യാഭ്യാസത്തിന്റെ ആകെയുള്ള വർഷം എത്രയാണ്, യൂണിവേഴ്സിറ്റി തലത്തിൽ ഏതെല്ലാം വേണം എന്നുള്ളതൊക്കെ പ്രത്യേകമായി പ്രതിപാദിക്കണം. പ്ലസ് ടു കോഴ്സിനെ രണ്ടുരീതിയിൽ കാണുന്നതിൽ വിരോധമില്ല. ഒന്ന്, ടെർമിനൽ കോഴ്സായി, വൊക്കേഷണൽ സെക്ടർ മാത്രമായി കണക്കാക്കിക്കൊണ്ട് മുന്നോട്ടു കൊണ്ടുപോകാൻ കഴിയും. അതാണ് ഞാൻ ആദ്യം ശ്രീ. എ. സി. ഷൺമുഖദാസിന്റെ ചോദ്യത്തിനു മറുപടിയായി ചൂണ്ടിക്കാണിച്ചത്. അതുകൊണ്ട് ദേശീയവിദ്യാഭ്യാസനയത്തിൽ ഇതൊരു ടെർമിനൽ കോഴ്സായി മാത്രം കാണണമെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. ടെർമിനൽ കോഴ്സായിക്കൂടി ഇതിനെ കാണാൻ കഴിയും. രണ്ടായിട്ട് പ്ലസ് ടു കോഴ്സിനെ കാണാൻ കഴിയും. ബഹുമാനപ്പെട്ട താമരാക്ഷൻ പറഞ്ഞ മറ്റൊരു കാര്യം, ഇതിന് രാജ്യവ്യാപകമായ എതിർപ്പുണ്ടെന്നാണ്. ഈ റിപ്പോർട്ടിൽ തെളിവു കൊടുക്കുവാൻ ചെന്നിരുന്ന ബഹുഭൂരിപക്ഷം ആളുകളിൽ വളരെയധികം സംഘടനകളുമുണ്ട്. പ്ലസ് ടു കോഴ്സ് ഒരു പ്രത്യേക സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരണമെന്നാണ് അവരിൽ കൂടുതൽ ആളുകളും ആവശ്യപ്പെട്ടിട്ടുള്ളത്. മാത്രമല്ല അവർ പ്രീഡിഗ്രി ബോർഡിന്റെ ആവശ്യത്തെ പിൻതാങ്ങി സംസാരിക്കുകയും ചെയ്തതാണ്. ഇതൊരു ഡിബേറ്റിന് വിഷയമാക്കേണ്ട ആവശ്യമില്ല. ഈ ഗവൺമെൻറിന്റെ കാലാവധി അവസാനിക്കുന്ന 1987 മേയ് മാസം വരെയും നിയമപരമായ തീരുമാനങ്ങൾ എടുക്കുവാനുള്ള എല്ലാ അവകാശവും കേരളത്തിലെ ജനങ്ങൾ നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ തീരുമാനമെടുക്കുന്നതുകൊണ്ട് ഒരു പുതിയ ഡിബേറ്റിന്റെ ആവശ്യമുണ്ടെന്ന് ഗവൺമെൻറിനു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞു, പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽത്തന്നെ തുടരാൻ അനുകൂലമായ നിലപാടാണ് ഗവൺമെൻറിനുള്ളതെന്ന്. അങ്ങനെയാണെങ്കിൽ ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ അക്കാഡമിക് ഓഫീസർ, കൺട്രോളർ ഓഫ് എക്സാമിനേഷൻ തുടങ്ങിയ ഉദ്യോഗസ്ഥൻമാർ വരുമ്പോഴും ഇപ്പോഴും സർവ്വകലാശാലയിൽ നിലവിലുള്ള എക്സാമിനേഷൻ കമ്മിറ്റികളും, അക്കാഡമിക് കൗൺസിലുകളും, ഫാക്കൽറ്റികളും എന്നിവ ഇല്ലാതാകുകയും അതിൻെറ ഫലമായി യൂണിവേഴ്സിറ്റിയുടെ ആട്ടോണമി യോടുകൂടിയും ജനാധിപത്യസ്വഭാവത്തോടുകൂടിയുമുള്ള പ്രവർത്തനങ്ങൾ നിലയ്ക്കുമെന്നുമുള്ള വിവരം ഈ റിപ്പോർട്ടിൻെറ പഠനം നടത്തുമ്പോൾ ഗവൺമെൻറ് പരിഗണിക്കുമോ ? അതുപോലെ പ്രീഡിഗ്രി ബോർഡ് എന്നുള്ളത് ഒരു ഗവൺമെൻറ് ഡിപ്പാർട്ടുമെൻറായി മാറുന്നതിനു പകരം ആട്ടോണമസ് സ്വഭാവത്തോടുകൂടിയും ജനാധിപത്യ സ്വഭാവത്തോടുകൂടിയുമുള്ള അദ്ധ്യാപക വൈദഗ്ധ്യമുള്ള ആളുകളുടെ പ്രാതിനിധ്യത്തോടുകൂടി ഈ ബോർഡ് സംവിധാനം ചെയ്യുന്നതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : റിപ്പോർട്ടിൽ പരാമർശിച്ച കാര്യത്തെത്തുടർന്നാണ് ഇക്കാര്യം ഉന്നയിച്ചിരിക്കുന്നത്. പ്രീഡിഗ്രി ബോർഡിനു വേണ്ടി അക്കാഡമിക് കൗൺസിലോ മറ്റു ഫാക്കൽറ്റികളോ രൂപീകരിക്കുന്നതു കാണ്ട് യൂണിവേഴ്സിറ്റിയിൽ നിലവിലുള്ള അക്കാഡമിക് കൗൺസിലോ അതല്ലെങ്കിൽ മറ്റു സംവിധാനങ്ങളോ നിറുത്തണമെന്നുള്ള ശുപാർശ റിപ്പോർട്ടിലില്ല.. തന്നെയുമല്ല, റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും അതുപോലെ ഉൾക്കൊള്ളണമെന്നില്ല. അതിൽ നമ്മുടെ സംസ്ഥാനത്തിനും വിദ്യാർത്ഥികൾക്കും അനുയോജ്യമായതെന്താണോ അതിനെക്കുറിച്ച് പരിശോധിച്ചതിനു ശേഷം യോജിച്ച കാര്യങ്ങളും ഉൾക്കൊള്ളാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഈ റിപ്പോർട്ടിൽ പുതുതായി വളരെയധികമൊന്നുമില്ല. എന്നുമാത്രമല്ല, ഒരു ജില്ലയോ, ഡിപ്പാർട്ടുമെൻറോ പുതുതായി രൂപീകരിക്കുമ്പോൾ ഒരു സ്പെഷ്യൽ ഓഫീസറെ വച്ച് ആ ജില്ലയുടെ ഭരണസംവിധാനം അല്ലെങ്കിൽ ആ ഡിപ്പാർട്ടുമെൻറിൻെറ ഭരണസംവിധാനം എങ്ങനെയാണ് വേണ്ടതെന്ന് തീരുമാനിക്കും. അത് തീരുമാനിച്ചോ എന്നാണോ വി.സി.മാർ ഈ റിപ്പോർട്ട് ഉപയോഗിച്ചിട്ടുള്ളത് ? ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ഒരു കാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നേരത്തെ പറഞ്ഞതിൽനിന്ന് വിഭിന്നമാണ്. അതിൻെറ യടിസ്ഥാനത്തിലാണ് എൻെറ ചോദ്യം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ദേശീയ വിദ്യാഭ്യാസനയത്തോട് അനുബന്ധപ്പെടുത്താൻവേണ്ടിയാണ് ഈ തീരുമാനമെടുക്കുന്നതെന്ന്. ദേശീയ വിദ്യാഭ്യാസനയമെന്നു പറഞ്ഞത് ബഹുമുനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ 10+2+3 എന്നുള്ളത് മാത്രമാണ്. അത് ഇതിൽ പറയുന്നുണ്ട്. അതിനപ്പുറം യാതൊന്നും ദേശീയ വിദ്യാഭ്യാസനയത്തിലില്ല. ഇതിനു നടത്തണമെങ്കിൽ ഉദ്യോഗസ്ഥൻമാർ വേണം, ഡയറക്ടർ വേണം, ഡെപ്യൂട്ടി ഡയറക്ടർ വേണം എന്നൊന്നും ദേശീയ വിദ്യാഭ്യാസനയത്തിൽ പറഞ്ഞിട്ടില്ല. അങ്ങനെ ദേശീയവിദ്യാഭ്യാസനയം ഈ സംസ്ഥാനത്ത് കൊല്ലങ്ങളായി നടപ്പാക്കിയിരിക്കെ ഇപ്പോൾ ഇത്തരത്തിലൊരു പ്രീഡിഗ്രിബോർഡ് അത്യാവശ്യമായി വന്നിരിക്കുന്നുവെന്ന് ഗവൺമെൻറ് കരുതുവാനുള്ള കാരണമെന്താണ് ? ആ കാരണത്തെക്കുറിച്ച് വി.സി.മാരുടെ റിപ്പോർട്ടിൽ കാണുന്നില്ലെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് ഗവൺമെൻറ് മറുപടി പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം പറഞ്ഞതിൽ ഒരു ധാരണപ്പിശകുണ്ടെന്ന് തോന്നുന്നു. ഈ റിപ്പോർട്ടിനകത്ത് പ്രധാനമായും ആ വിഷയത്തെ കുറിച്ചുവരെ പരാമർശിക്കുന്നുണ്ട്. ശുപാർശയിൽ ആദ്യം പറയുന്നത്, പ്രീഡിഗ്രി വിദ്യാഭ്യാസം സർവ്വകലാശാലാതലത്തിൽനിന്ന് മാറ്റി ഒരു പ്രത്യേക ബോർഡിന്റെ കീഴിൽ കൊണ്ടുവരേണ്ടത് ഏറ്റവും അത്യാവശ്യമായ കാര്യമാണ്. പുതുതായി ഉണ്ടാക്കുന്ന ബോർഡിന് കേരള സംസ്ഥാന പ്രീഡിഗ്രി ബോർഡ് എന്ന് നാമകരണം ചെയ്യേണ്ടതാണ്. പതിനെട്ട് അംഗങ്ങളുള്ള ഈ ബോർഡിൽ കേരള, കോഴിക്കോട്, ഗാന്ധിജി എന്നീ സർവ്വകലാശാലകളിലെ വൈസ്ചാൻസലർമാർ അംഗങ്ങളായിരിക്കും. മുൻഗണനാക്രമത്തിൽ ഓരോ വൈസ്ചാൻസലർമാരും ബോർഡിൽ ഓരോ കൊല്ലത്തേയ്ക്ക് ചെയർമാൻ പദവി വഹിക്കുന്നതായിരിക്കും. ഇതാണ് ആദ്യത്തെ ശുപാർശയിൽ പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ദേശീയ വിദ്യാഭ്യാസനയത്തിൽ 10+2+3 എന്ന പാറേൺ കേരളത്തിൽ വളരെ നാളുകൾക്കുമുമ്പുതന്നെ നടപ്പിലാക്കിയിട്ടില്ലേയെന്ന് ചോദിച്ചു. അത് ശരിയാണ്. 1964-ൽ കേരളത്തിൽ 10+2+3 എന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. +2 എന്നു പറയുന്നത് കേരളത്തിലെ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ടാണ് പോയിക്കൊണ്ടിരിക്കുന്നത്. ഇൻഡ്യയിലെ മറെറല്ലാ സ്റേറ്റുകളിലും +2 കോഴ്സിന് യൂണിവേഴ്സിറ്റിയുമായി യാതൊരു ബന്ധവുമില്ല. നമ്മുടെ പ്രീഡിഗ്രി ബോർഡിന്റെ പ്രത്യേകതയെന്നു പറയുന്നത്, പ്രീഡിഗ്രി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ്. ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് യൂണിവേഴ്സിറ്റിയുമായുള്ള പ്ലസ് ടു കോഴ്സിന്റെ ബന്ധം വിച്ഛേദിച്ച് മറ്റു സ്റേറ്റുകളിൽ നിലവിലുള്ളതുപോലെ ഒരു പ്രത്യേക സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നുള്ളതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഇപ്പോൾ പ്രീഡിഗ്രി ബോർഡ് തീരുമാനിക്കാനുള്ള കാരണമെന്താണ് ?

ശ്രീ. ടി. എം. ജേക്കബ് : പ്രീഡിഗ്രി കോഴ്സ് സർവ്വകലാശാലയുമായി ബന്ധപ്പെട്ട് പോകുന്നതുകൊണ്ട് പ്രധാനമായും രണ്ടുനിലയിലുള്ള ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ പൊതുവായ കാഴ്ചപ്പാടെന്നുപറയുന്നത് പതിനേഴ് വയസുവരെ പ്രായമുള്ള കുട്ടികൾക്ക് ക്ലാസ് റൂം ടീച്ചിംഗ് മെത്തേഡിൽ അധ്യയനം നൽകുക എന്നുള്ളതാണ്. അതുപോലെ അവരെ പ്രത്യേകം ചെറിയ ഗ്രൂപ്പുകളായി പഠിപ്പിക്കാൻ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ അഡ്മിഷൻ കൊടുക്കാൻ കഴിയും. ഇപ്പോൾ കോളേജുകളിൽ നിലവിലുള്ളത് ലക്ച്ചർ ക്ലാസ് മെത്തേഡാണ്. ഇപ്പോൾ 80 കുട്ടികളെ ഒരു ക്ലാസിൽ അനുവദിച്ചിട്ടുണ്ട്. അത് വേണമെങ്കിൽ 100 മുതൽ 120 കുട്ടികളെവരെ ഒരു ക്ലാസിൽ ഇരുത്തി പഠിപ്പിക്കുന്നുണ്ട്. പത്താംക്ലാസ് കഴിഞ്ഞുവരുന്ന പതിനൊന്നും പന്ത്രണ്ടും ക്ലാസുകളിൽ എത്തുന്ന പ്രായത്തിൽ പ്രത്യേകിച്ചും പതിനഞ്ചും പതിനാറും വയസ് പ്രായമുള്ള കുട്ടികളെ ഇത്രയും വലിയ ഗ്രൂപ്പുകളിലായി ഇരുത്തി ലക്ച്ചർ ക്ലാസ് മെത്തേഡിൽ പഠിപ്പിക്കുന്നത് ശരിയല്ലെന്നാണ് വിദ്യാഭ്യാസ വിചക്ഷണൻമാരുടെ അഭിപ്രായം. ഇത് എന്റെ അഭിപ്രായമല്ല. വിദ്യാഭ്യാസ വിചക്ഷണൻമാർ ഖണ്ഡിതമായി ഈ കാര്യം പറഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് എല്ലാ സ്റേറ്റുകളിലും യൂണിവേഴ്സിറ്റിയുമായി ബന്ധം വിച്ഛേദിച്ച്. പ്രത്യേകിച്ച് ഒരു സംവിധാനത്തിൽ ഇത് കൊണ്ടുവരുന്നത്. മറെറാന്ന് യു.ജി.സി. നൽകുന്ന സഹായമുണ്ട്. അവർ ധനസഹായം നൽകുന്നത് ഡിഗ്രി കോഴ്സുകൾക്കും പി.ജി.

LIBRARY ARCHIVES Kerala Legislative Assembly

കോഴ്സുകൾക്കും വേണ്ടിയാണ്. ഇന്ന് നമ്മുടെ സ്റ്റേറ്റുകളിൽ, കോളേജുകളിൽ ഈ കോഴ്സ് നിൽക്കുന്നതുകൊണ്ട് യു.ജി.സി. യിൽ നിന്ന് കിട്ടുന്ന സഹായം ഡിഗ്രി കോഴ്സുകൾക്കും പി.ജി. കോഴ്സുകൾക്കും അതുപോലെ റിസർച്ചിനുംവേണ്ടി നമുക്ക് പരമാവധി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. അങ്ങനെ വരുന്നതുകൊണ്ട് ആ കുട്ടികൾക്ക് മാറ്റു നിലയിലുള്ള ബുദ്ധിമുട്ട് ഉണ്ടാവുകയും ചെയ്യുന്നുണ്ട്. അതെല്ലാം കണക്കിലെടുത്തു കൊണ്ടാണ് മറ്റെല്ലാ സ്റ്റേറ്റുകളിലും ഉള്ളതുപോലെ പ്രീഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് വിഛേദിച്ച് മറ്റൊരു സംവിധാനത്തിൻ കീഴിൽ കൊണ്ടു വരുന്നത്.

ശ്രീ. ബേബിജോൺ : ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത് വളരെ ഗൗരവമേറിയതാണ്, ഇപ്പോഴത്തെ ഈ റിപ്പോർട്ട് കോളേജിൽ തന്നെ കുറെ വർഷത്തേക്ക് നിലനിർത്തണമെന്നാണ്. ചെറിയ ക്ലാസ്റൂമുകളിൽ ഇരുന്ന് കുട്ടികളെ പഠിപ്പിക്കുന്ന ഉദ്ദേശം നടക്കുന്നില്ല. അതല്ല ഞാൻ പറഞ്ഞത്. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ,

'If we had more time we would have been able to submit a better report.....'

സമയക്കുറവ് കൊണ്ട് ഒരു നല്ല റിപ്പോർട്ട് സമർപ്പിക്കാൻ സാധിച്ചില്ലെന്ന സൂചനയാണ്—we would have been able to submit a better report..... അതുപോലെ തന്നെ ടേംസ് ആഫ് റഫറൻസ് ഇല്ലായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ടേംസ് ആഫ് റഫറൻസ് ഉണ്ടെന്നു പറഞ്ഞു. എന്താണ് ടേംസ് ആഫ് റഫറൻസ് എന്ന് എനിക്കറിയാൻ ആഗ്രഹമുണ്ട്. അവർതന്നെ പറയുന്നത് ടേംസ് ആഫ് റഫറൻസ് ഇല്ലെന്നാണ്. "The government order appointing the committee did not specifically lay down its terms of reference,....."

ആകെ ചെയ്തത് ഡീലിങ് ചെയ്യണമെന്നതാണ്. അങ്ങനെ ഇത് ഫംഗ്ഷൻ ചെയ്യണമെന്നുള്ള പരിമിതമായ ഉദ്ദേശമാണ് ഈ കമ്മിറ്റി ഉണ്ടാക്കിയത്. അല്ലാതെ ഇതിനെ സംബന്ധിച്ച് വിശദമായ പഠനത്തിനോ ടേംസ് ആഫ് റഫറൻസിന്റെ അടിസ്ഥാനത്തിലുള്ള അന്വേഷണത്തിനോ അവസരം കൊടുക്കാതെ വളരെ പരിമിതമായി പ്രീഡിഗ്രി ബോർഡിന്റെ ഫംഗ്ഷൻ എന്തായിരിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലേ ഇത് ഉണ്ടാക്കിയത്?

ശ്രീ. ടി.എം. ജേക്കബ് : ഈ കമ്മിറ്റിയുടെ മുമ്പാകെ പ്രത്യേകം ഒരു ടേംസ് ആഫ് റഫറൻസ് കൊടുത്തിട്ടില്ലെന്നാണ് ഞാൻ നേരത്തെ പറഞ്ഞത്. പ്രീഡിഗ്രി ബോർഡ് രൂപീകരണത്തെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഈ കമ്മിറ്റി മുമ്പാകെ ആളുകൾക്ക് തെളിവ് കൊടുക്കാനുള്ള അവസരം ഉണ്ടായിരുന്നു. കമ്മിറ്റിക്ക് എല്ലാം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാം, പ്രത്യേകമായി എന്തെങ്കിലും ടേംസ് ആഫ് റഫറൻസ് നൽകിയല്ല ഈ കമ്മിറ്റിയെ നിയോഗിച്ചത്. നയപരമായ തീരുമാനം ഗവൺമെന്റ് കഴിഞ്ഞ മേയ് മാസത്തിൽ എടുത്തു. ആ തീരുമാനത്തെത്തുടർന്ന് ഇവിടെ ചില ആളുകൾക്ക് ആശങ്കയുണ്ടായി. അങ്ങനെ ആശങ്കയുണ്ടായ അവസരത്തിൽ അവരുമായി ചർച്ചകൾ നടത്തിയ ശേഷമാണ് ഇങ്ങനെ ഒരു കമ്മിറ്റി രൂപീകരിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചത്. ആ കമ്മിറ്റി മുമ്പാകെ തെളിവ് കൊടുക്കാനുള്ള അവസരം കൊടുത്തിരുന്നു. അവർ ആ അവസരം ഉപയോഗിച്ചുകൊണ്ട് തെളിവ് കൊടുക്കുകയും ആ തെളിവിന്റെ അടിസ്ഥാനത്തിലും അവർക്കുണ്ടായ അനുഭവത്തിന്റെ ഇന്നത്തെ നിലയിലുള്ള സാഹചര്യത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലുമാണ് പ്രീഡിഗ്രി ബോർഡ് എങ്ങനെ രൂപീകരിക്കണമെന്ന് ഇവിടെ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട ബേബിജോൺ ചോദിച്ച ചോദ്യത്തിന്റെ ആദ്യഭാഗത്തിനുള്ള മറുപടി എന്നുപറയുന്നത് ഞാൻ ആദ്യം സൂചിപ്പിച്ച ക്ലാസ് റൂം ടീച്ചിംഗ് മെത്തേഡിനെക്കുറിച്ചാണ്. ഇവിടെ അവർ പറഞ്ഞിരിക്കുന്നത് തൽക്കാലം ഇപ്പോഴെ പ്രീഡിഗ്രി കോഴ്സ് നടന്നുവരുന്ന കോളേജുകളിൽ ഇത് ഒരു പ്രത്യേക സംവിധാനത്തിൻകീഴിൽ തുടരാവുന്നതാണ് എന്നാണ്. അവിടെ ഒരു വൈസ് പ്രിൻസിപ്പാളിന്റെ തസ്തിക സൃഷ്ടിച്ചുകൊണ്ട് പ്രീഡിഗ്രി കോഴ്സ് നടപ്പിൽ വരാം. ഏകദേശം പത്തുവർഷക്കാലം ഇങ്ങനെ തുടരാമെന്ന് പറഞ്ഞിട്ടുണ്ട്. ഇതൊരു പുത്തരിയല്ല. ഇൻഡ്യയിലെ മറ്റു പല സ്റ്റേറ്റുകളിലും പ്രീഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റിയോട് ബന്ധപ്പെട്ടാണ് നടന്നുവന്നിരുന്നത്. അങ്ങനെയുള്ള സ്റ്റേറ്റുകളിൽ ഇങ്ങനെ തീരുമാനമെടുത്ത അവസരത്തിൽ, ഉദാഹരണത്തിന് കർണ്ണാടക, ആന്ധ്ര പ്രദേശ്, ബംഗാൾ അടക്കമുള്ള ഇൻഡ്യയിലെ പല സ്റ്റേറ്റുകളിലും പ്രീഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് നടന്നിരുന്നു. അങ്ങനെയുള്ള സ്റ്റേറ്റുകളിൽ ഈ കോഴ്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡീലിങ്ക് ചെയ്തപ്പോഴും അതാതു കോളേജുകളിൽതന്നെ തുടരാൻ അവരെ അനുവദിക്കുകയാണ് ചെയ്തത്. ആ സംവിധാനം തന്നെ ഇവിടെയും തുടരുന്നതു കൊണ്ട് പ്രായോഗികമായി യാതൊരു വൈഷമ്യവുമില്ല. മറ്റ് സ്റ്റേറ്റുകളിൽ എട്ടും പത്തും വർഷം പരീക്ഷിച്ച് അവർക്ക് ഭംഗിയായി നടത്തിക്കൊണ്ട് പോകാനുള്ള ഒരു സംവിധാനത്തെക്കുറിച്ചാണ് വൈസ് ചാൻസലർമാരുടെ കമ്മിറ്റി ശുപാർശ ചെയ്തത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഈ സംസ്ഥാനത്ത് ഒരു വലിയ വിപാദം ഉയർത്തിയ ഒരു പ്രശ്നമെന്ന നിലയ്ക്ക് യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരുടെ റിപ്പോർട്ട് ഈ നിയമസഭയിൽ അംഗങ്ങൾക്ക് നൽകുകയും ഈ സഭ്മേളനം അവസാനിക്കുന്നതിന് മുമ്പുതന്നെ ഈ സഭയിൽ അതിനെക്കുറിച്ച് ഒരു ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാകുകയും ചെയ്യുമോ ?

ശ്രീ. ടി.എം. ജേക്കബ് : അങ്ങനെ ഒരു ചർച്ച ഇനി ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ : ഇവിടെ നിയോഗിക്കപ്പെട്ട കമ്മിഷൻ ഇത്തരം ഒരു പരിഷ്ക്കാരത്തെപ്പറ്റി ഗവൺമെന്റ് ആലോചിക്കുവാൻ ഇടയായ സാഹചര്യത്തെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്. എം. പി. മേനോൻ കമ്മിഷൻ റിപ്പോർട്ടായാലും ആദിശേഷയ്യാ കമ്മിഷൻ റിപ്പോർട്ടായാലും അതിനകത്ത് കേരളത്തിലെ വിവിധ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ വർദ്ധിച്ച എണ്ണവും പരീക്ഷ നടത്താനുള്ള അസൗകര്യങ്ങളും വ്യത്യസ്തമായ സിലബസും ഉണ്ടാക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാണ് പറഞ്ഞിരിക്കുന്നത്. ആദിശേഷയ്യാ കമ്മിഷനും അതുതന്നെയാണ് സൂചിപ്പിക്കുന്നത്. ഇവിടെ ഈ കമ്മിറ്റിയുടെ റിപ്പോർട്ടിനകത്ത് ഇത് കോളേജിൽ തന്നെ തുടരണമെന്നും പറഞ്ഞിട്ടുണ്ട്. ഇതെല്ലാം വച്ചുനോക്കിയാൽ പൊതു പരീക്ഷ നടത്തുന്നതിന് ഒരു പ്രീ ഡിഗ്രി ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തിയാൽ ഈ പറയുന്ന ലക്ഷ്യങ്ങൾ സാധൂകരിക്കാൻ കഴിയുകയില്ലേ ? എന്തിനാ അത് ഡീലിങ്ക് ചെയ്ത് നടത്തണമെന്ന് വാശിപിടിക്കുന്നു എന്നു പറയാമോ ?

ശ്രീ. ടി.എം. ജേക്കബ് : ഇതിനകത്ത് ഒരു വാശിയുടെയും പ്രശ്നമില്ല. ഇത് നമ്മുടെ സംസ്ഥാനത്തിന് ഗുണകരമായ ഒരു സംഗതിയാണെന്ന് ഉത്തമ

LIBRARY ARCHIVES Kerala Legislative Assembly

ബോധ്യമുള്ളതുകൊണ്ടാണ് ഇത് ചെയ്യുന്നത്. ബഹുമാനപ്പെട്ട പീതാംബരൻ മാസ്റ്റർ പറഞ്ഞതുപോലെയുള്ള ശുപാർശയല്ല എം.പി മേനോൻ കമ്മീഷനും ആദിശേഷയ്യാ കമ്മീഷനും നൽകിയിരിക്കുന്നത്. എം. പി. മേനോൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ദേശീയതലത്തിൽ പ്രീഡിഗ്രി വിദ്യാഭ്യാസം നടത്തണമെന്നാണ്. ബഹുമാനപ്പെട്ട സഭയ്ക്കറിയാം അന്ന് എം.പി. മേനോൻ കമ്മീഷനെ നിയമിക്കുവാൻ ഉണ്ടായ കാരണം ഇവിടെ നടന്ന കുപ്രസിദ്ധമായ മാർക്കുലിസ്റ്റ് തട്ടിപ്പും മറ്റു കാര്യങ്ങളുമാണെന്ന്. അപ്പോഴാ എം.പി. മേനോൻ കമ്മീഷൻ തന്നെ പറഞ്ഞത്, പ്രീഡിഗ്രി പരീക്ഷ നടത്തുക എന്നുള്ളതാണ് യൂണിവേഴ്സിറ്റിയുടെ ഏറ്റവും വലിയ ഭാരമായി മാറിയിരിക്കുന്നത് എന്നാണ്. അതിൽനിന്ന് അവർക്ക് ഒരു മോചനം കൊടുക്കേണ്ടത് ആവശ്യമായിട്ടുണ്ട്. ഇതിന് ഒരു പ്രത്യേകമായ ശുപാർശയുടെ ആവശ്യം തന്നെ ഈ കമ്മീഷനിൽ ഉണ്ടെന്ന് തോന്നുന്നില്ല. കാരണം ദേശീയതലത്തിൽ പ്രീഡിഗ്രി വിദ്യാഭ്യാസം യൂണിവേഴ്സിറ്റിയുടെ ഭാഗമല്ല. അതുകൊണ്ട് ഇത് അവിടെ നിന്നും മാറ്റേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു എന്നാണ് എം.പി. മേനോൻ കമ്മീഷൻ പറഞ്ഞിരിക്കുന്നത്. ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടും അതേ രീതിയിലുള്ള ശുപാർശകളാണ് നൽകിയിരിക്കുന്നത്. അതിനകത്ത് വാശിയുടെയൊന്നും പ്രശ്നമില്ല. ഇതിനകത്ത് പ്രത്യേകം ഒരു ബോർഡ് രൂപീകരിച്ച് മൂന്ന് യൂണിവേഴ്സിറ്റിയുടെയും പരീക്ഷകൾ നടത്തിയതുകൊണ്ട് നമ്മൾ ഉദ്ദേശിക്കുന്ന പ്രയോജനം കിട്ടാൻ പോകുന്നില്ല. യൂണിവേഴ്സിറ്റിക്കും കുട്ടികൾക്കും പ്രയോജനം കിട്ടണമെങ്കിൽ ഇതൊരു പ്രത്യേക സംവിധാനത്തിൻകീഴിൽ വരണം. യൂണിവേഴ്സിറ്റിയിൽ നിന്നും വേർപെടുത്തുകയും വേണം.

ശ്രീ. പി. എം. അബൂബക്കർ : പ്രീഡിഗ്രി ബോർഡ് രൂപീകരണത്തെ സംബന്ധിച്ച് വൈസ് ചാൻസലർമാരുടെ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതിനുമുമ്പ് ചില കമ്മീഷനെക്കുറിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. അതിൽ ഡോക്ടർ നമ്പ്യാർ ചെയർമാനായിട്ട് നിയോഗിച്ചിരുന്ന ഒരു കമ്മീഷൻ ഗവൺമെൻറിന് സമർപ്പിച്ചിരുന്ന റിപ്പോർട്ടിൽ ഈ പ്രശ്നത്തെ സംബന്ധിച്ച് എന്തെല്ലാം ശുപാർശകളാണ് ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ ? ആ ശുപാർശകളും ഇപ്പോഴുള്ള വൈസ് ചാൻസലർമാരുടെ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളും തമ്മിൽ എന്തെല്ലാം അഭിപ്രായ വ്യത്യാസങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : ഡോക്ടർ നമ്പ്യാർ ചെയർമാനായിട്ടുള്ള കമ്മിഷൻ റിപ്പോർട്ടിന്റെ പ്രധാനപ്പെട്ട നാലു ശുപാർശകളും ഇതാണ്. പ്രീഡിഗ്രി വിദ്യാഭ്യാസം സെക്കൻററി തലത്തിൽ ആക്കുക, ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള ഒരു പ്രിപ്പറേറ്ററി കോഴ്സായി പുനഃസംവിധാനം ചെയ്യുക, സർവ്വകലാശാലയേയും കോളേജുകളുടെയും ഉന്നത വിദ്യാഭ്യാസ രംഗത്ത് അതായത് ഡിഗ്രി തലത്തിലും ബിരുദാനന്തര ഗവേഷണ രംഗത്തും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ പ്രാപ്തരാക്കുക, പ്രീ ഡിഗ്രി വിദ്യാഭ്യാസം ദേശീയതയുടെ ഭാഗമായ സ്കൂൾ തലത്തിലേയ്ക്ക് കൊണ്ടുവരിക. ഈ നാലു ശുപാർശകളാണ് ഡോക്ടർ നമ്പ്യാർ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്.

ശ്രീ. ആർ. എസ്. ഉണ്ണി : ഏതു പരിഷ്കാരവും പാർലമെൻററി ജനാധിപത്യത്തിൽ ഏറ്റവും കുറച്ച് എതിർപ്പോടുകൂടി നടപ്പാക്കണമെന്നാണ് അംഗീകരിച്ചിട്ടുള്ള തത്വം. ഈ പ്രീ ഡിഗ്രി ബോർഡ് രൂപീകരണവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും വലിയ എതിർപ്പിന് വിധേയമായിട്ടുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ്. ഈ കാര്യത്തിൽ വലിയ ദുർവാശിയീലാണ് എന്നാണ് ഈ രാജ്യത്തെ നല്ലൊരു വിഭാഗം ജനങ്ങളും വിശ്വസിക്കുന്നത്. ഈ ദുർവാശി ഈ കാര്യത്തിൽ വേണോ ? കുറെക്കൂടി അവധാനതയോടുകൂടി ഈ കാര്യങ്ങൾക്ക് ഒരു തീരുമാനം എടുക്കുന്നതല്ലേ നല്ലത് ? ഗവൺമെൻറിന് ഈ ദുർവാശി ഉപേക്ഷിക്കുവാൻ കഴിയുകയില്ലേ ?

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട ആർ. എസ്. പ്പണ്ണിയുടെ ഈ പരാമർശനത്തിൽ വളരെ ദുഃഖമുണ്ട്. ഇതിനകത്ത് ഒരു ദുർവാശിയുമില്ല. അങ്ങനെ ഒരു തെറ്റിദ്ധാരണ നമ്മുടെ രാജ്യത്ത് പരത്തിയിരിക്കുന്നതാണ്. അവധാനതയോടുകൂടിയുള്ള ചർച്ച വേണമെന്ന് അങ്ങ് പറഞ്ഞത് പൂർണ്ണമായും ഉൾക്കൊള്ളുന്നു. 1982 മുതൽ നമ്മുടെ സ്റ്റേറ്റിൽ ഈ ഒരു വിഷയത്തെ സംബന്ധിച്ച്—പ്രീ ഡിഗ്രി ബോർഡ് എന്ന വിഷയത്തെ സംബന്ധിച്ച്—നമ്മുടെ വിദ്യാഭ്യാസത്തിൽ 10+2+3 സിസ്റ്റത്തെ സംബന്ധിച്ച് ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയത്തിൽ പ്രധാനമായും ചർച്ചയ്ക്ക് വിഷയീഭവിച്ച വിഷയം ഇതുതന്നെയായിരുന്നു. ഞാൻ തന്നെ ഈ സഭയിലെ അംഗങ്ങളെയെല്ലാം കത്തെഴുതി അറിയിച്ചിരുന്നു, ചർച്ചയിൽ പങ്കെടുക്കണമെന്ന് പറഞ്ഞ്, കുറെ ആളുകൾ ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി. അങ്ങനെ ധാരാളം ചർച്ചകൾ നടത്തി, വളരെയേറെ പഠനങ്ങൾ നടത്തി എല്ലാവരുടെയും പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്തെ വിചക്ഷണൻമാരായിട്ടുള്ള ആളുകൾ എല്ലാം അഭിപ്രായം പറഞ്ഞിട്ടുള്ള ഒരു കാര്യത്തെ സംബന്ധിച്ച് മാത്രമാണ് ഗവൺമെൻറ് മുന്നോട്ട് നീങ്ങിയിരിക്കുന്നത്. അതിനകത്ത് ഒരു ദുർവാശിയും ഉണ്ടെന്ന് അങ്ങ് ധരിക്കരുത്.

പ്രീ-ഡിഗ്രി പരീക്ഷാഫലം

*21 [21] ശ്രീ. കാനം രാജേന്ദ്രൻ :
,, വർക്കല രാധാകൃഷ്ണൻ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, പി. കുമാരൻ :
,, ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1986-ൽ നടത്തിയ പ്രീ-ഡിഗ്രി പരീക്ഷാഫലം പൂർണ്ണമായും ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ലെന്ന വിവരം സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം സർവ്വകലാശാലയിൽ എത്രപേരുടെ പരീക്ഷാഫലം വീതം പ്രസിദ്ധീകരിക്കാൻ ബാക്കിയുണ്ടെന്നു വ്യക്തമാക്കാമോ ;

(സി) റിസൾട്ട് പ്രഖ്യാപിച്ചതിൽ തന്നെ മാർക്ക് ലിസ്റ്റ് വിതരണം ചെയ്യാൻ കഴിയാത്തതുകൊണ്ട് വിദ്യാർത്ഥികൾക്ക് ഡിഗ്രി കോഴ്സുകൾക്ക് പ്രവേശനത്തിന് അപേക്ഷിക്കാൻ കഴിയുന്നില്ലെന്ന പരാതി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) റിസൾട്ട് പൂർണ്ണമായും പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രീ-ഡിഗ്രി പരീക്ഷാ മാർക്ക് ലിസ്റ്റ് സംബന്ധിച്ച് എത്ര പരാതികൾ ഓരോ യൂണിവേഴ്സിറ്റികളിലും കിട്ടിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly